**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് പ്രോജക്ട് - ജില്ലാ ഹോമിയോ ആശുപത്രിക്ക് എയർ കണ്ടീഷണർ വാങ്ങൽ - ചെലവായ 19,900/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 3953/2015/തസ്വഭവ. തിരുവനന്തപുരം, തീയതി:31/12/2015.

പരാമർശം: 1. 2009-10 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.14..

2. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2015-ലെ എ 8-1859/2010 നമ്പർ കത്ത്.

3. കൊല്ലം ജില്ലാ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.06.2015-ലെ 20-)ം നമ്പർ തീരുമാനം.

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്ത് 2009-10 സാമ്പത്തിക വർഷം ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ സർക്കാർ ഹോമിയോ ആശുപത്രി സ്കാനിംഗ് റൂമിൽ എ.സി. വാങ്ങൽ എന്ന പദ്ധതിയ്ക്ക് നബാർഡ് റീ-ഇംബേഴ്സ്മെന്റ് വിഹിതം ഇനത്തിൽ 21,700/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും വികസന ഫണ്ടിൽ നിന്നും 19,900/- രൂപ ചെലവഴിച്ച് എ.സിയും അനുബന്ധ സാധനങ്ങളും വാങ്ങുകയും ചെയ്തു. എന്നാൽ ഹോമിയോ ആശുപത്രിക്ക് എ.സി. വാങ്ങുന്നതിന് ടെണ്ടർ /ക്വട്ടേഷൻ ക്ഷണിക്കുകയോ ശരിയായ നടപടിക്രമം പാലിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പരാമർശം (1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത നടപടി തടസ്സപ്പെടുത്തി.

2) കേരള സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം 20,000/- രൂപയിൽ കുറഞ്ഞ വാങ്ങലുകൾക്ക് ക്വട്ടേഷനും ടെണ്ടറും ക്ഷണിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാലാണ് ഓഡിറ്റ് റിപ്പോർട്ടിൽ ജില്ലാ പഞ്ചായത്ത് നടപടി നിരാകരിച്ചത്.

3) 2009-10 സാമ്പത്തിക വർഷം 20,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നതിനാലും ആയതിന് കാലതാമസം നേരിട്ടുമെന്നതിനാലും പ്രൊഫോർമ ഇൻവോയ്സ് 3 സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഏറ്റവും കുറഞ്ഞ തുകയുള്ള ഇൻവോയ്സ് സമർപ്പിച്ച സ്ഥാപനത്തിന്റെ ഇൻവോയ്സ് അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയതാണെന്നും ആയതിനാൽ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി നടപടിക്രമങ്ങൾ ലഘൂകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ എ.സി. വാങ്ങിയ ഇനത്തിൽ ചെലവായ 19,900/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം (പരാമർശം 3) അപേക്ഷിച്ചിട്ടുണ്ട്.

4) മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു 2009-10 കാലഘട്ടത്തിൽ നിലവിലിരുന്ന സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 20,000/- രൂപ അടങ്കൽ വരുന്ന സമാഹരണങ്ങൾക്ക് മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കേണ്ടതാണ്. ഈ വിഷയത്തിൽ അത്

ചെയ്യാതിരുന്നത് തെറ്റായ നടപടിയാണ്. എന്നാൽ പ്രോജക്റ്റിനു ചെലവായ തുക 19,900/- രൂപ മാത്രമാണെന്നതും ഇക്കാര്യത്തിൽ എന്തെങ്കിലും നിക്ഷിപ്ത താല്പര്യം ആർക്കെങ്കിലും ഉണ്ടായിരുന്നു എന്ന് കാണുന്നില്ല എന്നത് പരിഗണിച്ചും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, എന്നിവയുടെ അടിസ്ഥാനത്തിലും, തുടർന്നുള്ള പദ്ധതിനിർവ്വഹണത്തിൽ ഇത്തരം ജാഗ്രതക്കുറവ് ആവർത്തിക്കരുതെന്ന താക്കീതോടെയും കൊല്ലം ജില്ലാ പഞ്ചായത്തിൽ 2009-10 സാമ്പത്തിക വർഷം ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി, ജില്ലാ സർക്കാർ ഹോമിയോ ആശുപത്രിക്ക് എയർ കണ്ടീഷണർ വാങ്ങിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ.പഴനിയമ്മ**
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.